


പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ


01/06/2018

പ്രിയപ്പെട്ട കുട്ടികളെ,

നന്മനിറഞ്ഞ ഒരു പുതിയ അദ്ധ്യയന വർഷം നിങ്ങൾക്കേവർക്കും ആശംസിക്കുന്നു.
ശോഭനമായ ഒരു ഭാവിയാണ് നിങ്ങളെ കാത്തിരിക്കുന്നത്.
നല്ല പഠിപ്പുള്ളവരായി എല്ലാവർക്കും മാറാനാവണം
എന്താണ് നല്ല പഠിപ്പ്? ശരിയും തെറ്റും വേർതിരിച്ചറിയലാണത്,
ഉയർന്ന മാനവിക ബോധത്തോടെ എല്ലാ മനുഷ്യരേയും സഹോദരതുല്യം
സ്നേഹിക്കാനുള്ള മനസ് ഉണ്ടാകലാണ്; വേദനിക്കുന്നവർക്കൊപ്പം നിൽക്കലാണ്.
ഒപ്പം ഉയർന്ന നിലവാരത്തിൽ അറിവ് നേടാനുമാകണം.
ഏറ്റവും മികച്ച പഠനം നിങ്ങൾക്ക് ലഭിക്കാനായി എത്രയെത്ര പരിപാടികളാണ്
വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്നറിയാമോ?
എട്ടാം ക്ലാസ് മുതൽ എല്ലാവരും ഈ വർഷം ഹൈടെക്ക് ക്ലാസുമുറികളിലാണ് പഠിക്കുക.
സ്കൂൾ പരിസരത്തെ പഠനവിഭവമാക്കുന്ന ജൈവവൈവിധ്യ ഉദ്യാനം
എല്ലാ വിദ്യാലയത്തിലും ഒരുക്കും.
നിങ്ങളുടെ സവിശേഷമായ കഴിവുകൾ കണ്ടെത്തി പോഷിപ്പിക്കുന്നതിന്
ടാലന്റ് ലാബും, നല്ല വായനക്കാരാകുന്നതിന് ക്ലാസ് ലൈബ്രറിയും ഉണ്ടാകും.
ഗണിതം, ഇംഗ്ലീഷ് തുടങ്ങി പ്രയാസം തോന്നുന്ന എല്ലാ വിഷയങ്ങളിലും നിങ്ങൾക്ക്
മുന്നേറാൻ പ്രത്യേക പദ്ധതികൾ ഉണ്ട്.
നിങ്ങളുടെ പഠനത്തെ മികവുറ്റതാക്കാൻ വീടും വിദ്യാലയവും നാട്ടുമുണ്ട്,
സർക്കാരും നിങ്ങൾക്കൊപ്പമുണ്ട്.
മുമ്പൊന്നും ലഭിക്കാത്ത സൗഭാഗ്യമാണിത്
നല്ല പഠനം നല്ല ജീവിതത്തിനാണെന്നോർമ വേണം
നല്ല പഠനം നല്ല സമൂഹത്തെയും സൃഷ്ടിക്കും
അതിനാൽ നന്നായി പഠിക്കുക
ഒരിക്കൽക്കൂടി എല്ലാ വിധ ആശംസകളും

സ്നേഹപൂർവ്വം

വിദ്യാഭ്യാസമന്ത്രി


ഓഫീസ് : മൂന്നാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487-2383229
മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org ഇ-മെയിൽ : min.ednoffice@gmail.com